| 07-08-2023 | പ്രഭാതമുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
|---|---|---|---|---|

**മധുരമായ കുട്ടികളേ, ബാബയോട് സത്യമായ സ്നേഹമുണ്ടാകുമ്പോൾ മാത്രമേ ഓർമ്മയുടെ നീണ്ട പടികൾ കയറുവാൻ സാധിക്കൂ, ഓർമ്മയുടെ ഓട്ടം കൊണ്ട് മാത്രമേ വിജയമാലയിൽ കോർക്കപ്പെടുവാൻ സാധിക്കൂ.**

**ചോദ്യം:-** ഒരു ബാബയോട് സത്യമായ സ്നേഹമുണ്ടെങ്കിൽ അതിൻെറ അടയാളം എന്തായിരിക്കും കാണപ്പെടുക?

**ഉത്തരം:-** ഒരേ ഒരു ബാബയോട് സത്യമായ സ്നേഹമുണ്ടെങ്കിൽ പഴയ ലോകത്തോടും, പഴയ ശരീരത്തോടും ഉളള സ്നേഹം ഇല്ലാതായിതീരും. ജീവിച്ചിരിക്കേ മരിക്കുക എന്നത് തന്നെയാണ് സ്നേഹ ത്തിന്റെ അടയാളം. ബാബയോട് അല്ലാതെ മററാരോടും സ്നേഹമരുത്. ഇത് അന്തിമജന്മമാണ് ഇപ്പോൾ വീട്ടിലേക്ക് പോകണം എന്ന് ബുദ്ധിയിലുണ്ടായിരിക്കണം. ബാബ പറയുന്നു- കുട്ടികളേ നിങ്ങൾ 84 ജന്മത്തിൻെറ ഈ കളി പൂർത്തിയാക്കി. അതുകൊണ്ട് ഇപ്പോൾ എല്ലാം മറന്ന് എന്നെ ഓർമ്മിക്കണം, എങ്കിൽ ഞാൻ നിങ്ങളെ കൂടെ കൊണ്ടുപോകും.

**ഗീതം:-** ഓ കൃഷ്ണാ നിൻ നാമം മാത്രമാണെന്നഭയം......

**ഓം ശാന്തി:** മധുരമധുരമായ 5000 വർഷത്തിനുശേഷം കണ്ടുമുട്ടുന്ന എൻെറ പ്രിയപ്പെട്ട കുട്ടികൾ ഇത് അസത്യലോകമാണ് എന്ന പാട്ടു കേട്ടുവല്ലോ? അസത്യലോകമെന്ന് ഭാരതത്തെയാണ് പറയുന്നത്. ഓരോരുത്തർക്കും അവരവരുടെ ജന്മസ്ഥലത്തിൻെറ ഓർമ്മ വരും. ഈ ലോകത്തിൽ പൂർണ്ണമായും ദുഖം നിറഞ്ഞിരിക്കുന്നതുകൊണ്ട് ഇതുമായി ഒരു കണക്ഷനുമില്ല എന്ന് കുട്ടികൾ പറയുന്നു. ഇപ്പോഴാണെങ്കിൽ സുഖത്തിൻെറ പേരിന്റെ അടയാളം പോലുമില്ല. അസത്യഖണ്ഡത്തിന് ആയുസ്സ് ഇനി വളരെ കുറവെ ഉള്ളു. ഇത് അന്തിമജന്മമാകുന്നു. ഈ അസത്യലോകത്തെ മൃത്യുലോകം എന്നു വിളിക്കുന്നു. അത് അമരലോകം ആകുന്നു. മൃത്യുലോകത്തിൽ കാലൻ വിഴുങ്ങുന്നു. വീണ്ടും ജന്മം അസത്യ ലോകത്തിൽ എടുക്കുന്നു. നമ്മൾ 84 ജന്മം പൂർത്തിയാക്കി എന്ന് കുട്ടികൾ അറിയുന്നു. ഇപ്പോൾ ഈ ലോകത്തോട് ഒരു ബന്ധവുമില്ല. ഈ പഴയ ലോകത്തിൽ നിന്നും കൊണ്ടുപോകുന്നതിനാണ് ബാബ വന്നിരിക്കുന്നത്. നമുക്ക് ഈ ലോകത്തോട് ഒരു ബന്ധവുമില്ല. നിങ്ങൾക്ക് ബാബയോട് പ്രീതി ഉണ്ടെങ്കിൽ സമ്പത്തും നിങ്ങൾക്ക് തന്നെ ലഭിക്കും. യാദവകൗരവന്മാർക്ക് വിപരീതബുദ്ധിയാണുളളത്. ബാബയെ അവർ അറിയുന്നതേ ഇല്ല. ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് ഒരേ ഒരു ബാബയോട് പ്രീതബുദ്ധിയാണുളളത്. ബാബ പറയുന്നു-ഗൃഹസ്ഥത്തിൽ തന്നേയിരുന്നോളൂ, ബാബയെ ഓർമ്മിക്കൂ. എല്ലാ നടന്മാരുടേയും പാർട്ട് ഇപ്പോൾ പൂർത്തിയായികൊണ്ടിരിക്കുന്നു. ഏവരും ശരീരം വിടേണ്ടതുണ്ട്. ഏവരേയും വീട്ടിലേക്ക് കൊണ്ടുപോകേണ്ടിയിരിക്കുന്നു. മനുഷ്യൻ ഒരിക്കലും മരിക്കുവാൻ ആഗ്രഹിക്കുന്നില്ല നിങ്ങളാണെങ്കിൽ ജീവിച്ചിരിക്കേ മരിച്ചുകഴിഞ്ഞിരിക്കുന്നു. നിങ്ങൾക്ക് ഈ ലോകത്തിൽ ആരോടും സ്നേഹമില്ല. ഈ ശരീരത്തോടുപോലും നിങ്ങൾക്ക് സ്നേഹമില്ല. ആത്മാവിന് വെളിച്ചം ലഭിച്ചിരിക്കുന്നു. നാം ബാബയുടെ കുട്ടികളാണ്. നമ്മുടെ 84 ജന്മം ഇപ്പോൾ പൂർത്തിയായിരിക്കുന്നു. ഇപ്പോൾ കളി പൂർത്തിയായിരിക്കുന്നു. നാം ദേവതകളായിരുന്നു. വീണ്ടും നാം ക്ഷത്രിയരും വൈശ്യരും ശൂദ്രരും ആയിതീർന്നു. ഇപ്പോൾ നാം ബ്രാഹ്മണനായിതീർന്നിരിക്കുന്നു. ഈ ചക്രം പൂർണ്ണമായും ഓർക്കണം. പുനർജന്മം എടുത്തെടുത്ത് ഇപ്പോൾ അന്തിമജന്മമായിരിക്കുന്നു. ബാബ കൊണ്ടുപോകുന്നതിനായി വന്നിരിക്കുന്നു. അനേകതവണ നാം 84 ജന്മങ്ങളുടെ ചക്രം പൂർത്തിയാക്കിയിരിക്കുന്നു. സ്വദർശനചക്രധാരിയായിക്കഴിഞ്ഞുവല്ലോ. നാം 84 ജന്മങ്ങളുടെ ചക്രം പൂർത്തിയാക്കി എന്ന് ബാബ മനസ്സിലാക്കിതരുന്നു, എല്ലാ ഭാരതവാസികളും 84 ജന്മം എടുക്കില്ല. ആരാണൊ ബ്രാഹ്മണനായിതീരുന്നത് അവർ ഇത് മനസ്സിലാക്കുന്നു. അല്ലയോ കുട്ടികളേ, നിങ്ങൾ നിങ്ങളുടെ 84 ജന്മത്തിൻെറ ചക്രത്തെക്കുറിച്ച് അറിയുന്നില്ലേ എന്ന് 5000 വർഷങ്ങൾക്കുമുമ്പും ബാബ മനസ്സിലാക്കിതന്നിരുന്നു. 84 ലക്ഷം ജന്മങ്ങളെക്കുറിച്ച് ആർക്കും വർണ്ണിക്കുവാൻ കഴിയുകയില്ല.

ഇപ്പോൾ നിങ്ങൾക്ക് എല്ലാ ധർമ്മത്തിൻെറ ചക്രങ്ങളെക്കുറിച്ചും അറിയേണ്ടിയിരിക്കുന്നു. ഇന്ന ധർമ്മത്തി പെട്ടവർ ഇത്ര ജന്മമെടുക്കും എന്ന് കണക്കിൽ സമർത്ഥരായവർക്ക് എളുപ്പം മനസ്സിലാക്കുവാൻ കഴിയും. നിങ്ങൾ 84 ജന്മം എടുത്ത് കഴിഞ്ഞു എന്ന് നിശ്ചയമുണ്ടല്ലോ. ഇപ്പോൾ ബാബ തിരിച്ചുകൊണ്ടു പോകുന്നതിനുവേണ്ടി വന്നിരിക്കുന്നു. അതിനുവേണ്ടിയുളളതാണ് ഈ മഹായുദ്ധം. അവരുടേത് വിനാശകാലേ വിപരീതബുദ്ധി. കലിയുഗത്തിൻെറ അന്ത്യത്തിലും സത്യയുഗത്തിൻെറ ആദിയുമായ സംഗമത്തിലാണ് വിനാശത്തിൻെറ കാര്യം വരുന്നത്. സത്യ ത്രേതായുഗത്തിൻെറ സംഗമത്തെ വിനാശകാലം

എന്ന് പറയില്ല. ഇപ്പോൾ എല്ലാവരുടേയും വിനാശം സംഭവിക്കണം അതുകൊണ്ടിതിനെ വിനാശകാലം എന്ന് വിളിക്കുന്നു. ഇപ്പോൾ നിങ്ങളുടേത് അന്തിമജന്മമാകുന്നു. ഇതിനും മുൻപ് ബാബ വന്നിരുന്നു എങ്കിൽ ഇത് അന്തിമജന്മമാകുന്നു എന്ന് പറയില്ല. നാടകം പൂർത്തിയാകുമ്പോൾ ഞാൻ വരും. കുമാരിമാർ 21 കുലം ഉദ്ധരിക്കും എന്ന് പാടപ്പെടുന്നു. 21 കുലം എന്ന് എന്തിനേയാണ് പറയുന്നത് എന്നവർ അറിയുന്നില്ല. ഭാരതത്തിൽ കുമാരിമാരെ വളരെയധികം ആദരിക്കുന്നു, പൂജിക്കുന്നു. ജഗദംബയും കുമാരിയാണല്ലോ. ജഗദംബയെ കുമാരിയെന്നു വിളിക്കുന്നു. അതിനും ഒരർത്ഥമുണ്ടായിരിക്കുമല്ലോ? ജഗദംബയുണ്ടെങ്കിൽ ജഗത്പിതാവുമുണ്ട്. ജഗത്പിതാവിൻെറ കൂടെ മാതാവുമുണ്ടായിരിക്കുമല്ലോ? ജഗത്മാതാ എന്നു വിളിക്കപ്പെടുന്ന അനവധി മാതാക്കളുമുണ്ട്. ജഗത്മാതാ എന്നു വിളിക്കപ്പെടുന്ന ഒരു മാതാവിനെക്കുറിച്ച് പത്രത്തിലും ഉണ്ടായിരുന്നു. ജഗത് അർത്ഥം മുഴുവൻ സൃഷ്ടിയും. ജഗത്തിന് അമ്മ ഒന്നാണൊ ഉണ്ടായിരിക്കുക അതൊ പത്തിരുപത് മാതാക്കൾ ഉണ്ടായിരിക്കുമൊ? രചയിതാവ് ഒന്നേയുള്ളു. അതുകൊണ്ട് മാതാവും ഒന്നേയുള്ളു. ജഗത്മാതാവ് ഒന്നേയുള്ളു അത് ജഗദംബയാകുന്നു. ഇപ്പോൾ കുട്ടികളാകുന്ന നിങ്ങൾക്ക് ഒരേയൊരു ശിവബാബയോട് പ്രീതിയുണ്ടല്ലോ. നിങ്ങളിലും നമ്പറനുസരിച്ചുള്ള പുരുഷാർത്ഥമനുസരിച്ചാണ് പ്രീതിയുള്ളത്. പ്രിയതമയ്ക്ക് ഒരു പ്രിയതമനോടും, കുട്ടികൾക്ക് ഒരു അച്ഛനോടും പ്രീതിയുണ്ടായിരിക്കണം. മറ്റുള്ളവരിൽ നിന്നുമുള്ള പ്രീതി ഇല്ലാതാക്കണം. നഷ്ടോമോഹ ആയിതീരണം. പഴയ ലോകത്തിൽ നിന്നും മോഹം നഷ്ടമാക്കണം. വീട് പഴയതായിതീരുമ്പോൾ ബാബ അതിനെ പുതിയതാക്കുന്നു. പുതിയതായിതീരുമ്പോൾ ആ ലോകത്തിലിരുന്ന് പഴയതിനെ നശിപ്പിക്കുന്നു. പുതിയ ലോകത്തിലാണ് പുതിയ ഡൽഹി ഉള്ളത്. ഈ യമുനാതീരത്തുതന്നേയാണ് നിങ്ങൾ രാജ്യം ഭരിച്ചിരുന്നത്. ഭക്തിക്ക് വളരെയധികം വിസ്താരമുണ്ടെന്ന് നിങ്ങൾ അറിയുന്നുവല്ലോ? ജ്ഞാനം ഒരു സെക്കൻറിൻേറതാണ് അത് വളരെ കുറച്ചേ ഉള്ളു. ബീജത്തേക്കുറിച്ച് അറിയുന്നുവെങ്കിൽ മുഴുവൻ വൃക്ഷത്തേക്കുറിച്ചും അറിയുവാൻ കഴിയും. വ്യത്യസ്തങ്ങളായ പലതരത്തിലുള്ള ധർമ്മവൃക്ഷമാണിത്. ദേവീദേവതാധർമ്മമാണ് ഇതിൻെറ പ്രധാന തടി അഥവാ അടിത്തറ. പകുതികല്പത്തോളം ഈ ഒരു ധർമ്മം കൂടാതെ മറെറാരു ധർമ്മവും ഉണ്ടായിരുന്നില്ല. അടുത്ത പകുതി കല്പത്തിൽ എത്രയധികം ധർമ്മങ്ങളുടെ സ്ഥാപനമാണ് നടക്കുന്നത് എന്ന് നോക്കൂ. പരമപിതാ പരമാത്മാവ് ബ്രഹ്മാമുഖത്തിലൂടെ ദേവതാധർമ്മവും ക്ഷത്രിയധർമ്മവും സ്ഥാപിക്കുന്നു എന്ന് പറയുന്നുവല്ലോ. അങ്ങിനേയാണെങ്കിൽ ബ്രാഹ്മണർ നിങ്ങളാകുന്നു. നിങ്ങളിൽ ചിലർ സൂര്യവംശികളും ചിലർ ചന്ദ്രവംശികളും ആയിതീരുന്നു. ഉയർന്നതിലും ഉയർന്നതാകുന്നു ബ്രാഹ്മണജന്മം. ഭാരതവാസികൾ തൻെറ ധർമ്മത്തെക്കുറിച്ച് അറിയുന്നതേയില്ല. ധർമ്മം ശക്തിയാണ് എന്ന് പറയുന്നുവല്ലോ. ബാബ ഇപ്പോൾ ധർമ്മം സ്ഥാപിക്കുന്നു. ബാബയുടേതായിതീരുക വഴി ബാബയിൽ നിന്നും എത്രയോ ശക്തി നിങ്ങളെടുക്കുന്നു. സർവ്വശക്തിവാനായ ബാബ തന്നേയാണ് കുട്ടികളെ യോഗം വഴി ശക്തിവാനാക്കിതീർക്കുന്നത്. ബാബ എത്രയോ ഗുപ്തമാണ്. ബാബക്ക് സ്വന്തമായൊരു ശരീരമില്ല. സർവ്വശക്തിവാൻ എന്ന് പറയുന്നു എങ്കിൽ തീർച്ചയായും ശക്തി കൊടുക്കുമല്ലോ. നിങ്ങളുടെ പേര് തന്നെ ശിവശക്തികൾ എന്നല്ലേ? ശിവനിൽ നിന്നും ശക്തി എടുക്കുന്നവരല്ലേ. നരകത്തെ സ്വർഗ്ഗമാക്കിതീർക്കുന്നവരല്ലെ നിങ്ങൾ. ഇത് നിങ്ങൾക്ക് ബലം തരുന്നു. യോഗശക്തികൊണ്ട് നിങ്ങൾ രാവണനിൽ വിജയം പ്രാപിക്കുന്നു. നിങ്ങൾക്കിപ്പോൾ നമ്പർവാർ പുരുഷാർത്ഥമനുസരിച്ച് സർവ്വശക്തിവാനായ ബാബയോട് പ്രീതി ഉണ്ട്. വളരെ പേർ വിപരീതബുദ്ധികളാണ് കാരണം അവർ ബാബയെ ഓർക്കുന്നതേയില്ല. വളരെയധികം ബാബയെ ഓർക്കുന്നവർക്കാണ് ബാബയോട് വളരെ പ്രീതി ഉള്ളത്. ബാബയെ ഓർക്കുന്നതേയില്ല എങ്കിൽ ബാബയോട് പ്രീതി ഇല്ല എന്നു മനസ്സിലാക്കണം. എന്തുചെയ്യാം അടിക്കടി മറന്നുപോകുന്നു എന്നു പറയുന്നുവല്ലോ. എന്താ പ്രിയതമനെ നിങ്ങൾക്ക് ഓർക്കുവാൻ കഴിയുന്നില്ലേ? ബാബയിൽ നിന്നല്ലേ സമ്പത്ത് ലഭിക്കുന്നത് അത്തരത്തിലുള്ള ബാബയെ ഓർക്കുവാൻ കഴിയുന്നില്ലേ ? കാരണം പറയൂ? അച്ഛനെ ഓർക്കുവാൻ കഴിയുന്നില്ലെന്ന് കുട്ടിക്ക് പറയുവാൻ കഴിയുമൊ? ഓർത്തില്ലെങ്കിൽ പിന്നെ എങ്ങിനേയാണ് സമ്പത്ത് ലഭിക്കുക? ബാബയെ ഓർക്കുന്നിടത്തോളം സമ്പത്ത് ലഭിക്കുന്നു. ശിവബാബയെ ഓർക്കുകയും, അതോടൊപ്പം മുഖം കറുപ്പാക്കുകയും ചെയ്യരുത്. അങ്ങിനേയാണെങ്കിൽ രാജ്യഭാഗ്യം ലഭിക്കുകയില്ല. ബാബാ ഞങ്ങൾ മറന്നുപോകുന്നു , തളർന്നുപോകുന്നു എന്ന് പറയുന്നുണ്ട്. നിങ്ങൾ ഈശ്വരൻെറ സന്താനങ്ങളാകുന്നു, വളരെയധികം ലഹരി ഉണ്ടായിരിക്കണമെന്നും ബാബ പറയുന്നു. ഇങ്ങിനേയുള്ള ബാബയെ നിരന്തരം ഓർമ്മിക്കണം, പ്രീതബുദ്ധിയായിതീരണം. ശിവബാബയോട് പ്രീതി ഇല്ലെങ്കിൽ ബ്രഹ്മാവിനോടും പ്രീതി ഉണ്ടാകില്ല. അവരങ്ങിനെ എല്ലാവരോടും വഴക്കടിച്ചുകൊണ്ടിരിക്കും. യോഗം ചെയ്തില്ലെങ്കിൽ സമ്പത്ത് എങ്ങിനെ എടുക്കുവാൻ കഴിയും. ഈശ്വരീയ ബുൾബുൾ പക്ഷി ആയിതീരുവാൻ കഴിയുകയില്ല. ബുൾബുൾ പക്ഷി ആയിതീരണമല്ലോ. ബാബയുടെ അടുത്ത് ബുൾബുൾ പക്ഷികളുണ്ട്, മൈനകളുണ്ട്, തത്തകളുണ്ട്, കാക്കകളുമുണ്ട് അവ എല്ലാവരോടും വഴക്ക് കൂടികൊണ്ടിരിക്കും. ചിലർ പ്രാവുകളേപോലെയാണ്, അവയ്ക്ക് ശബ്ദമുണ്ടാക്കുവാൻ കഴിയില്ല. ഈ പൂന്തോട്ടത്തിൽ പല തരത്തിലുള്ള പൂക്കളുണ്ട്. ഞാൻ ഏതുതരത്തിലുള്ള പുഷ്പമാണെന്ന്

ഓരോരുത്തരും അവരവരോട് തന്നെ ചോദിക്കണം. റോസാപുഷ്പമാണൊ അതൊ ആത്മീയ റോസാപുഷ്പമാണൊ? ഞാൻ മമ്മയേയും ബാബയേയും പോലെ സേവനം ചെയ്യുന്നവനാണൊ? എനിക്ക് ശ്രീ ലക്ഷ്മിയെ അഥവാ ശ്രീ നാരായണനെ വരിക്കുവാൻ കഴിയുമൊ? ഞാൻ എത്രത്തോളം ബാബയെ ഓർമ്മിക്കുന്നുണ്ട് എന്ന് സ്വയം തന്നോട് തന്നെ ചോദിക്കണം. ഞാൻ എത്രത്തോളം സേവനം ചെയ്യുന്നുണ്ട് എന്നും ചോദിക്കണം. ബാബയിൽ നിന്ന് തീർച്ചയായും സമ്പത്ത് ലഭിക്കണം. നിരാകാരനായ പരമപിതാ പരമാത്മാവ് ഭാരതത്തിൽ വന്നിരിക്കുന്നു. തീർച്ചയായും ഭാരതത്തെ സ്വർഗ്ഗമാക്കിതീർക്കും. ശിവബാബ വരുമ്പോൾ തീർച്ചയായും സത്യയുഗമാക്കിതീർക്കും. ശിവജയന്തി ആഘോഷിക്കുന്നുവല്ലോ. ശിവൻെറ ജന്മസ്ഥലമാണിത്, അതുപോലെ ശ്രീകൃഷ്ണൻേറയും ജന്മസ്ഥലമാണ്. കൃഷ്ണൻെറ ജയന്തി വളരെ ഉത്സാഹപൂർവ്വം ആഘോഷിക്കുന്നുവല്ലോ. ഇപ്പോഴാണെങ്കിൽ ശിവജയന്തിക്ക് അവധിപോലും കൊടുക്കുന്നില്ല. അന്ധകാര നഗരമാണല്ലോ ഇത്. പ്രജകളെ പ്രജകൾ ഭരിക്കുന്ന രാജ്യമാകുന്നു ഇത്. ഇത് രാജാവും റാണിയും ഭരിക്കുന്ന രാജ്യമായിതീരണം.

ഭാരതം പവിത്ര രാജസ്ഥാനായിതീരും എന്ന് നിങ്ങൾ അറിയുന്നുവല്ലോ. അതുകൊണ്ട് അവരെ ഉണർത്തേണ്ടതുണ്ട്. വീണ്ടും ദൈവീകരാജസ്ഥാൻ സ്ഥാപിക്കപ്പെടുന്നു. ഇപ്പോൾ ആസുരീയ രാജസ്ഥാനായി തീർന്നിരിക്കുന്നു. ഭാരതവാസികൾ ആദ്യം പവിത്രരായിരുന്നു ഇപ്പോൾ അപവിത്രമായിതീർന്നിരിക്കുന്നു. ഈ സമയത്ത് ജനങ്ങൾ പവിത്രരായ ഭാരതവാസികളെ പൂജിക്കുന്നു. ഇപ്പോൾ രാജസ്ഥാനമില്ല. ഭാരതം 5000 വർഷം മുൻപ് ദൈവീകരാജസ്ഥാനായിരുന്നു എന്നും ഇപ്പോഴങ്ങിനെയല്ല എന്നുമുള്ള കാര്യങ്ങൾ നിങ്ങൾക്ക് മററുള്ളവർക്ക് കത്തെഴുതുന്നതിനും പത്രത്തിൽ കൊടുക്കുന്നതിനും കഴിയുമല്ലോ. നിങ്ങൾ ഈശ്വരീയ സഹോദരീസഹോദരന്മാരാണ്. നിങ്ങൾ വളരെ കുറച്ചുപേരെ ഉള്ളു. രാമനും പോയി രാവണനും പോയി... നമുക്ക് ഇനി വളരെ കുറച്ചു സമയം മാത്രമെ ബാക്കിയുള്ളു. ബാബയിൽ നിന്നും സമ്പത്തെടുത്തുകൊണ്ടിരിക്കു, അതോടൊപ്പം ഭാവിയെക്കുറിച്ചും ചിന്തിക്കൂ. ഈ ജോലിയും ചെയ്യണം, ശരീരനിർവ്വാഹവും ചെയ്യണം. ഇത് ഭാവിയിലേക്കുള്ളതാണ്. ഇതിൽ അത്രയധികം അദ്ധ്വാനമൊന്നും ഇല്ല, വളരെ എളുപ്പമാണ്. ഒരു സെക്കൻെറിൽ 21 ജന്മത്തേക്കുള്ള ജീവന്മുക്തി ലഭിക്കുന്നു. ബാബയേയും ചക്രത്തേയും ഓർക്കണം. ബാബയെ ഓർക്കുന്നതിലൂടെ മാത്രമെ പവിത്രമായിതീരുവാൻ കഴിയുകയുള്ളു. പതിതമായവർക്ക് പോകുവാൻ കഴിയുകയില്ല. അവർക്ക് വളരെയധികം ശിക്ഷകൾ അനുഭവിക്കേണ്ടിവരും. ഇപ്പോഴാണ് വിനാശകാലം. യാദവരും കൗരവരും വിപരീതബുദ്ധികളാകുന്നു. പാണ്ഡവർക്ക് പ്രീതബുദ്ധി ഉണ്ടായിരുന്നു. അവർ തന്നെ വിജയിക്കുകയും ചെയ്തു. ആ സമയമാണ് ഇപ്പോഴുള്ളത്. ഇപ്പോൾ വീട്ടിൽ പോകണം എന്നു മാത്രം ഓർത്തുകൊണ്ടിരിക്കൂ എന്ന് ബാബ മനസ്സിലാക്കിതരുന്നു. ഇനി കുറച്ച് സമയമെ ബാക്കിയുള്ളു, നാടകം പൂർത്തിയായിക്കഴിഞ്ഞി രിക്കുന്നു. ഗൃഹസ്ഥത്തിൽ ഇരുന്നുകൊണ്ടും ബാബയെ മാത്രം ഓർക്കണം. ഓർമ്മയുടേത് തന്നെയാണ് ദീർഘമായ പടികൾ. രുദ്രമാലയിൽ വരേണ്ടതുണ്ട്, പിന്നെ പാരിതോഷികം ലഭിക്കും. രാജ്യഭാഗ്യം നേടണം. അതിനുവേണ്ടി വിചാരസാഗരമഥനം ചെയ്യണം. ഇത് ബുദ്ധിയോഗത്തിൻെറ യാത്രയാണ്. ബാബയുടെ അടുത്തേക്ക് ഓടണം, ദിവസം മുഴുവനും ബാബയെ എത്രതവണ ഓർമ്മിച്ചു എന്ന് നോക്കണം. എത്ര മുള്ളുകളെ പുഷ്പങ്ങളാക്കി എന്ന് നോക്കണം. പ്രജകളെ ഉണ്ടാക്കിയില്ലെങ്കിൽ ആരിൽ രാജ്യം ഭരിക്കും. ആദ്യം 8 പേർ മുഖ്യരായിതീരുന്നു. പിന്നെ 108, പിന്നെ 16108 ആയിതീരുന്നു. തീർച്ചയായും സാമ്രാജ്യം വൃദ്ധി പ്രാപിക്കും എന്ന് ബുദ്ധി പറയുന്നുവല്ലോ. ഇപ്പോൾ തന്നെ ലക്ഷക്കണക്കിന് വരും. ഇപ്പോൾ നമുക്ക് വീട്ടിലേക്ക് പോകണം. ബുദ്ധിയിൽ ഇത് പക്കാ ഓർമ്മ വെക്കണം, ഈ പഴയ ലോകത്തിൽ വളരെയധികം ദുഃഖമുണ്ട്. ഒരേ ഒരു ബാബയെ മാത്രം ഓർത്തുകൊണ്ടിരിക്കൂ. വളരെ നീണ്ടൊരു യാത്രയാണിത്. പിന്നീട് വരുന്നവർക്ക് ഇത്രയും ഉയർന്ന പദവി പ്രാപിക്കുവാൻ കഴിയുകയില്ല. എത്രയോ പരിശ്രമിക്കേണ്ടിയിരിക്കുന്നു. എത്രയോ അധികം കർമ്മഭോഗമാണുള്ളത്. വികർമ്മം നശിക്കത്തക്ക തരത്തിൽ പിന്നീട് വരുന്നവർക്ക് ഇത്രയും പരിശ്രമം എങ്ങിനെ ചെയ്യുവാൻ കഴിയും? ജനകനേപോലും ത്രേതായുഗത്തിലേക്ക് കൊണ്ടുപോയി. സൂര്യവംശി രാജാവാകുവാൻ കഴിഞ്ഞില്ല. രാജാവായിരുന്നു സമർപ്പണവും ചെയ്തു, എന്നാൽ ടൂ ലേററ് ആയിപ്പോയി. ചന്ദ്രവംശത്തിലേക്ക് പോയി. ഇക്കാര്യങ്ങൾ ബ്രാഹ്മണർക്കേ മനസ്സിലാക്കുവാൻ കഴിയൂ. ശൂദ്രനു മനസ്സിലാക്കുവാൻ കഴിയില്ല. പവിത്രത പലർക്കും നല്ലതായി തോന്നുന്നുണ്ട്. എന്നാൽ പവിത്രതയിലിരുന്ന് കാണിക്കണമല്ലോ. സന്യാസിയുടെ അനുയായി എന്നു വിളിക്കുന്നുണ്ട്. സ്വയം തന്നെ പവിത്രരായിരിക്കുന്നില്ലെങ്കിൽ അനുയായികൾ എങ്ങിനെ പവിത്രമായിരിക്കും. അത് അസത്യമാണല്ലോ? ഒരു സത്സംഗത്തിലും ഉദ്ദേശ്യലക്ഷ്യമില്ല. എത്രയോ സത്സംഗങ്ങൾ നടക്കുന്നു. ഇവിടെ ബാബ വന്ന് മനുഷ്യരിൽ നിന്നും ദേവതയാക്കുന്നു. ഒരേ ഒരു ശിവബാബയുടെ ഓർമ്മയിൽ വിശ്വത്തിൻെറ അധികാരി നിങ്ങളാണ് ആയിതീരുന്നത്. ബാബയെ ഓർക്കുന്നില്ലെങ്കിൽ സമ്പത്ത് എങ്ങിനെ ലഭിക്കും. പുരുഷാർത്ഥം ചെയ്ത് നിരന്തരം ബാബയെ ഓർമ്മിക്കണം എന്നത് നിങ്ങളുടെ ജോലിയാകുന്നു. നിരന്തരം ഓർത്തുകോണ്ടേ ഇരിക്കും എന്ന അവസ്ഥ അവസാനം മാത്രമെ ഉണ്ടാകുകയുള്ളു,

ഇപ്പോഴുണ്ടാകില്ല.അവസാനം 8 പേർ വിജയിക്കും. ഓർമ്മിച്ചോർമ്മിച്ച് ഏററവും മുൻപേ അവർ പോകും. ശരി.

വളരെക്കാലത്തെ വേർപാടിന്നുശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണകളും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

**ധാരണക്കുള്ള മുഖ്യ സാരം:-**

1) വിനാശകാലസമയമാകുന്നു അതുകൊണ്ട് ദേഹധാരികളോടുള്ള മമത്വം ഉപേക്ഷിച്ച് ഒരേയൊരു ബാബയോട് സത്യമായ പ്രീതി വെക്കണം. ഈ പഴയ വീടിനോടുള്ള മോഹം നഷ്ടമാക്കണം.

2) ജ്ഞാനത്തിൻെറ ബുൾ ബുൾ പക്ഷിയായിതീർന്ന് തനിക്ക് സമാനം മററുള്ളവരെ മുള്ളിൽ നിന്നും പുഷ്പമാക്കുന്നതിനുള്ള സേവനം ചെയ്യണം. ഓർമ്മയുടെ ഓട്ടം നടത്തണം.

## വരദാനം:- സർവ്വ യോഗ്യതകളിലൂടെയും സ്വയത്തെ അമൂല്യമാക്കി മാറ്റുന്ന നിശ്ചിന്ത ചക്രവർത്തിയായി ഭവിക്കൂ

ബാബ സ്വയം കുട്ടികൾക്ക് ഓഫർ ചെയ്യുകയാണ് - കുട്ടികളേ യോഗ്യ വലംകൈയ്യാകൂ, യോഗ്യ സേവാ ധാരിയാകൂ. ആരാണോ യോഗ്യരാകുന്നത് അവർ നിശ്ചിന്ത ചക്രവർത്തിയായിരിക്കും. സ്ഥൂല യോഗ്യത യാകട്ടെ, ജ്ഞാനത്തിന്റെ യോഗ്യതയാകട്ടെ മനുഷ്യനെ അമൂല്യമാക്കുന്നു. യോഗ്യതയില്ലെങ്കിൽ മൂല്യ മില്ല. ആത്മീയ സേവനത്തിന്റെ യോഗ്യത ഏറ്റവും വലുതാണ്. ഇങ്ങനെയുള്ള യോഗ്യ ആത്മാവിനെ ഒരു കാര്യത്തിനും തടയാനാകില്ല. യോഗ്യനാകുകയെന്നാൽ എന്റേത് ഒരു ബാബ മാത്രം, മറ്റൊരു കാര്യവും ബുദ്ധിയിൽ ഉണ്ടായിരിക്കരുത്.

## സ്ലോഗൻ:- ഏകരസ സ്ഥിതിയുടെ അനുഭവം ചെയ്യണമെങ്കിൽ ഒരു ബാബയിലൂടെ സർവ്വ രസങ്ങളുടെയും അനുഭൂതി ചെയ്യൂ.